കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## വള്ളികുന്നം ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി6/1535/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി.03.01.17

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വള്ളികുന്നം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വള്ളികുന്നം ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-3, 2-5 എന്നീ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-1, 3-2, 3-3, 3-4, 3-7(1), 3-7(2), 3-10, 3-14 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി6/1535/16 തീയതി.03.01.17.

ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ

2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13/12/2016 മുതൽ 20/12/2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13/12/2016 മുതൽ 20/12/2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സുജ.എൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശ്രീകാന്ത്.സി.എസ് | സീനി.ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സുനിൽകുമാർ.ജി | ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ബി.രാജലക്ഷ്മി | 1.04.2015 മുതൽ 31.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 1.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീ.ജി.മുരളി | 19.11.2015 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | ശ്രീ.കെ.വി.യോഗീന്ദ്രദേവൻ (അസ്സി.സെക്രട്ടറി,അധിക ചുമതല) | 1.04.2015 മുതൽ 2.08.2015 വരെ |
| | ശ്രീ.എസ്.ഖാൻ മഹാദൂർ മുഹമ്മദ് സാഹിബ് | 3.08.2015 മുതൽ 31.3.2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ:-

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ജി.ഗോപിക | 1.4.2015 മുതൽ 31.3.2016 വരെ |
| വെറ്റിനറി സർജൻ | ഡോ.എസ്.വേണുഗോപാൽ | 1.4.2015 മുതൽ 14.9.2015 വരെ |
| | ഡോ.തോമസ് മാത്യൂ | 15.9.2015 മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഷംല | 1.04.2015 മുതൽ 13.8.2015വരെ |
| | ശ്രീമതി.റഹിയാനത്ത് | 14.8.2015 മുതൽ 30.10.2015വരെ |
| | ശ്രീമതി.ശ്രീകുമാരി | 1.11.2015 മുതൽ 5.1.2016 വരെ |
| | ശ്രീമതി.വിസ്മി വിശ്വം | 6.01.2016 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ(പിഎച്ച്സി) | ഡോ.ബീന.എസ് | 1.04.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.എസ്.രശ്മി | 1.04.2015 മുതൽ 31.3.2016 വരെ |
| ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ് | ശ്രീമതി.ഉഷാദേവി.ഒ | 1.04.2015 മുതൽ 31.3.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.എസ്.ശ്രീദേവി | 1.04.2015മുതൽ 21.6.2015വരെ |
| | ശ്രീമതി.എസ്.സുമ | 22.6.2015 മുതൽ 21.8.205 വരെ |
| | ശ്രീമതി.സുമ തോമസ് | 21.8.2015 മുതൽ |

| | | |
|---|---|---|
| | | 2.09.2015 വരെ |
| | ശ്രീമതി.സരിത.ജെ | 3.09.2015മുതൽ 4.10.2015വരെ |
| | ശ്രീമതി.സുമ തോമസ് | 5.10.2015 മുതൽ 2.11.2015 വരെ |
| | ശ്രീമതി.സരിത.ജെ | 3.11.2015 മുതൽ 13.3.2016 വരെ |
| | ശ്രീ. വിനരാജ്.ഡി | 14.3.2016 മുതൽ 31.3.2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ബിനീഷ് ചന്ദ്രൻ.ബി | 1.04.2015 മുതൽ 31.3.2016 വരെ |
| | ശ്രീ.പ്രവീൺ.എസ് | 1.04.2015 മുതൽ 31.3.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സന്തോഷ്.ജി | 1.04.2015 മുതൽ 31.3.2016 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഖണ്ഡിക നമ്പർ | ഭാഗം 1 |
|---|---|---|
| 1 | 1-1 മുതൽ 1-11 വരെ | പൊതു അവലോകനം |
| | | ഭാഗം 2 |
| 2 | 2-1 | വസ്തു നികുതി, പെർമിറ്റ് അപാകതകൾ |
| 3 | 2-2 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി: - പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ - അപാകതകൾ |
| 4 | 2-3 | ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ |
| 5 | 2-4 | വാടക, ലേലം എന്നിവ സംബന്ധിച്ച അപാകതകൾ |
| 6 | 2-5 | പരസ്യനികുതി പിരിയ്ക്കുന്നില്ല – വരുമാന നഷ്ടം |
| | | ഭാഗം 3 |
| 7 | 3-1 | പദ്ധതി നിർദ്ദേശങ്ങൾ പാലിക്കുന്നില്ല; അഗതി ആശ്രയ ഗുണഭോക്താക്കൾക്ക് അവഗണന |
| 8 | 3-2 | ഭക്ഷണത്തിനായി വികസനഫണ്ട് വകയിരുത്തിയത് ക്രമപ്രകാരമല്ല |
| 9 | 3-3 | തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ സപ്ലൈയറിൽ നിന്ന് വാറ്റ് ഈടാക്കിയില്ല. സംസ്ഥാന ഫണ്ടിന് നഷ്ടം 250660 |

| | | |
|---|---|---|
| 10 | 3-4 | സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ-പർച്ചേസുകൾ നടത്തുന്നു |
| 11 | 3-5 | ടാറിന്റെ അധികവില തിരികെ ഈടാക്കിയതിൽ കുറവ്. നഷ്ടം- 7875/-രൂപ |
| 12 | 3-6 | കൺവീനർ വർക്കിന് കരാറുകാരന്റെ ലാഭം ഉൾപ്പെട്ട നിരക്ക് നൽകി. 987/-രൂപയുടെ അധിക ചെലവ് |
| 13 | 3-7 | പൊതുമാരാമത്ത് മേഖലയിലെ പ്രവൃത്തികളുടെ ആസൂത്രണം, നിർവഹണം - അപാകതകൾ |
| 14 | 3-8 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നില്ല |
| 15 | 3-9 | സർക്കാർ അനുവാദമില്ലാതെ റഗുലർ തസ്തികയിലേക്ക് നിയമനം നടത്തി |
| 16 | 3-10 | വള്ളികുന്നം ചിറയിൽ നിന്നും നീക്കം ചെയ്ത ചെളി ലേലം നടത്തിയിട്ടില്ല |
| 17 | 3-11 | ഇലക്ട്രിഫിക്കേഷൻ - മിച്ചം വന്ന തുക പ്ലാൻ ഫണ്ടിൽ അടവാക്കിയില്ല |
| 18 | 3-12 | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട-വില നിർണ്ണയ പട്ടികയിൽ ഉൾപ്പെടാത്ത സാധനങ്ങൾ സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങൽ നടത്തി |
| 19 | 3-13 | സാന്ത്വന പരിചരണ പദ്ധതി : മരുന്നുകൾ മുഴുവൻ ലഭിച്ചിട്ടില്ല |
| 20 | 3-14 | അസാധാരണ ചെലവുകൾ. ചട്ടങ്ങൾ പാലിക്കപ്പെടുന്നില്ല |
| | | ഭാഗം 4 |
| 21 | 4-1 മുതൽ 4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 27.3.2015തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 164329736 | 166832430 |
| വാർഷിക കണക്ക് പ്രകാരം | 40155648 | 54366446 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകൾ യഥാർത്ഥ വരവു ചെലവുകളുമായി വലിയ അന്തരം പുലർത്തുന്നു. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 22.06.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23984809/- |
| വരവ് | 40155648/- |
| ആകെ | 64140457/- |
| ചെലവ് | -54366446/- |
| നീക്കിയിരിപ്പ് | 9774011/- |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | ടി.സി ചെയ്ത് ലഭിച്ച തുക | അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ചതുക | ആകെ (2)+(3)+(5) | ചെലവ് | ടി.സി.ചെയ്ത് നൽകിയ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1954930 | 4511930 | 12332416 | 2803414 | 9270274 | 9270274 | - | 0 |
| വികസനഫണ്ട് എസ്.സി.പി. | 2334906 | - | 7020000 | 3563826 | 5898732 | 5898732 | 1584815 | - |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | - | - | |
| സംരക്ഷണഗ്രാന്റ് റോഡ് | 487709 | - | 7817000 | 7301271 | 7788980 | 7788980 | - | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1518796 | - | 3411000 | 1085980 | 2604776 | 2604776 | - | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 977721 | - | 5048347 | 4914887 | 5892608 | 5892608 | 68948 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3638160 | - | - | - | 3638160 | 3501561 | 2858167 | - |
| എം.എൻ.ആർ.ഇ.ജി.എസ്. | 57786 | - | 34187947 | 22354975 | 34245733 | 34245733 | - | - |
| ബി ഫണ്ട് | - | - | 22354975 | | 22354975 | 22354975 | - | 0 |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 187 | 61587991 | 142 | 42790853 | 24 | 21 | 76% |

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 5.82% ശതമാനം കുറവ്ഉണ്ടായിട്ടുണ്ട്.

*(ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള വരവും പരിഗണിക്കേണ്ടതാണ്)*

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3529120 | 3531071 | (+)1951 | (+) .05% |
| നികുതിയേതര വരവുകൾ | 730251 | 450896 | (-)279355 | (-)38.25% |
| മറ്റുവരവുകൾ | 9908 | 38722 | (+)28814 | (-)2.91% |
| ആകെ | 4269279 | 4020689 | (-)248590 | (-)5.82% |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 377040 | 364 |
| കർഷകതൊഴിലാളി പെൻഷൻ | 3332070 | 465 |
| വിധവാപെൻഷൻ | 8234000 | 1046 |
| വാർദ്ധക്യകാലപെൻഷൻ | 7363800 | 2010 |
| വികലാംഗപെൻഷൻ | 2501025 | 312 |
| അവിവാഹിത പെൻഷൻ | 445040 | 50 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90000 | 3 |

| | | |
|---|---|---|
| | | |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.12.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4792/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

ഓഫീസ് ഉത്തരവ് വഴി ജോലി വിഭജനം നടത്തിയിട്ടുണ്ട് എങ്കിലും പേഴ്സണൽ രജിസ്റ്റർ ശരിയായി സൂക്ഷിക്കുന്നില്ല. മാസാവസാനം കുടിശ്ശിക ഫയലുകൾ സംബന്ധിച്ച വിവരം സൂചിപ്പിക്കാത്തതിനാൽ ഫയലുകളുടെ തീർപ്പ് സംബന്ധിച്ച വിവരം വിലയിരുത്താൻ സാധിക്കുന്നില്ല. രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലും ഓഡിറ്റിന് ഹാജരാക്കുന്നതിലും വേണ്ടത്ര ശ്രദ്ധ്ക്കാന്തി പുലർത്തിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.10.2016 | 09/2016 വരെ | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.02.2012 | 10-11 വരെയുള്ള വാർഷിക ഓഡിറ്റ് | 30.06.12 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി, പെർമിറ്റ് അപാകതകൾ

I.വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല

2015-16 - ധനകാര്യപത്രിക പ്രകാരം വസ്തുനികുതി മുൻവർഷങ്ങളിലെ ഉൾപ്പെടെ 1087428/- രൂപ കുടിശ്ശികയുണ്ട്. (തൻവർഷ കുടിശ്ശിക 199718/- + മുൻവർഷ കുടിശ്ശിക 887710/-). 17/12/2016 ലെ ആർ.പി 43 സ്റ്റേറ്റ്മെന്റ് പ്രകാരം നിലവിൽ 420311/- രൂപ വസ്തുനികുതി അരിയർ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II. പെർമിറ്റ്, അസ്സസ്സ്മെന്റ് രജിസ്റ്ററുകളിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

പെർമിറ്റ് രജിസ്റ്ററിൽ കോളം നം.20 ൽ അസ്സസ്സ്മെന്റ് നമ്പർ, പണിപൂർത്തിയാക്കിയ വിവരങ്ങൾ, കൂടാതെ 3 വർഷ കാലാവധി കഴിഞ്ഞ പെർമിറ്റുകൾ പുതുക്കി നൽകിയ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

III. പഞ്ചായത്തിന്റെ പെർമിറ്റ് എടുക്കാതെ ഓഡിറ്റോറിയം പുനർ നിർമ്മിച്ചു

1995-96-ൽ നികുതി നിർണ്ണയിച്ച ഒന്നാം വാർഡിലെ ഷാലിമാർ ഓഡിറ്റോറിയം പുനർ നിർമ്മാണം നടത്തുകയുണ്ടായി. പരാതിയെ തുടർന്ന് അനധികൃത നിർമ്മാണം നിർത്തി വെയ്ക്കുന്നതിന് 19/03/2016 ൽ ഉടമസ്ഥന് നോട്ടീസ് നൽകിയിട്ടുള്ളതാണ്. പഞ്ചായത്ത് അനുമതി കൂടാതെ നിർമ്മാണം നടത്തുന്നത് 2011 ലെ കേരള പഞ്ചായത്ത്

കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായതിനാൽ ഇത്തരം നിർമ്മാണപ്രവർത്തനങ്ങൾ തടയേണ്ടതാണ്. സ്വീകരിച്ച മേൽനടപടികൾ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി: - പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ - അപാകതകൾ

I.പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2015-16 ൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

1.കാമ്പിശ്ശേരി മെഡിക്കൽ മിഷൻ

2.കാമ്പിശ്ശേരി ഫിസിയോ തെറാപ്പി റീഹാബിലിറ്റേഷൻ & വെൽനെസ്സ്

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5.1) നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. നിശ്ചിത ഫീസ് ഈടാക്കി രജിസ്ട്രേഷൻ നടത്തി അറിയിക്കേണ്ടതാണ്.

II.സ്ഥാപന നികുതി ഈടാക്കിയില്ല.

താഴെപ്പറയുന്ന ധനകാര്യസ്ഥാപനത്തിന്റെ 2015-16 ലെ സ്ഥാപന നികുതി ഈടാക്കിയില്ല.

മുത്തൂറ്റ് ഫിൻ കോർപ്പ് , കാമ്പിശ്ശേരി - സ്ഥാപന നികുതി - I & II അർദ്ധവർഷങ്ങൾ.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12.3) സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. സ്ഥാപന നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 2-3 ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ

I.ഡി & ഒ ലൈസൻസ് എടുത്തില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2015-16 ൽ ഡി & ഒ ലൈസൻസ് എടുത്തില്ല

1.സിവിൽ സപ്ലൈസ് കോർപ്പറേഷൻ, വള്ളികുന്നം

2.സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കാമ്പിശ്ശേരി

II.റേഷൻ കടകൾ, കള്ളുഷാപ്പുകൾ, മാവേലിസ്റ്റോറുകൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു

ഗ്രാമ പഞ്ചായത്ത് പരിധിയിൽ 21 റേഷൻ കടകൾ, 3കള്ളുഷാപ്പുകൾ, 2മാവേലിസ്റ്റോറുകൾ, എന്നിവ പ്രവർത്തിക്കുന്നു ണ്ടെങ്കിലും ടി സ്ഥാപനങ്ങൾ 2015-16 ൽ ഡി & ഒ ലൈസൻസ് എടുത്തില്ല.

III ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5.5) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കൽ ജോലികൾ പുരോഗമിക്കുന്നു എന്ന മറുപടി ലഭിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-4 വാടക, ലേലം എന്നിവ സംബന്ധിച്ച അപാകതകൾ

1.വാടകക്കാരുമായി പഞ്ചായത്ത് കരാർ ചമച്ചില്ല

2015-16 ൽ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കാമ്പിശ്ശേരി, കടയ്ക്കൽ ഷോപ്പിംഗ് കോംപ്ലക്സിലെ 11 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ വാടകക്കാരുമായി മുദ്രപ്പത്രത്തിൽ പഞ്ചായത്ത് കരാർ ചമച്ചില്ല. ഈയിനത്തിൽ സർക്കാറിന് ലഭിക്കേണ്ട തുക നഷ്ടപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4.1) കരാർ രേഖകൾ കണ്ടെടുക്കാനായില്ലെന്ന് മറുപടി ലഭിച്ചു. അപാകത പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും ഭാവിയിൽ വീഴ്ചയുണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

II. കടമുറികളിൽ നിന്ന് നാമമാത്രവാടക ഈടാക്കുന്നു

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ചില മുറികളിൽ നിന്ന് നാമമാത്രവാടകയാണ് പിരിക്കുന്നത്. പ്രതിമാസം 357/- രൂപ മുതൽ 584/- രൂപ വരെയാണ് മുറികളിൽ നിന്ന് വാടകയായി ഈടാക്കി വരുന്നത്. മുൻ വാടകയിൽ നിന്നും 5% വർദ്ധിപ്പിച്ച് ഇപ്പോൾ നിലവിലുള്ള വാടക നിർണയിച്ചത് 01/04/2015 മുതലാണെങ്കിലും വാടക നിർണയിച്ച പഞ്ചായത്ത്

കമ്മറ്റി തീരുമാനം ഹാജരാക്കിയില്ല. നാമമാത്ര വാടക ഈടാക്കുന്ന മുറികൾ ലേലത്തിൽ വെച്ച് വാടക വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

III.വാടക: ബൈലോ പാസ്സാക്കിയിട്ടില്ല

വാടക പിരിവിന് ബൈലോ പാസ്സാക്കിയതായി പഞ്ചായത്തിൽ രേഖയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4.3) വിവരം ലഭ്യമല്ല എന്ന മറുപടിയാണ് ലഭിച്ചത്. വാടക സംബന്ധിച്ച ബൈലോ പാസ്സാക്കി അംഗീകാരം വാങ്ങേണ്ടതാണ്.

IV.കടമുറിലേലം: കരാറും സുരക്ഷിത നിക്ഷേപവുമില്ല

ലേല നോട്ടീസ് 14-ാം നമ്പർ നിബന്ധന പ്രകാരം പുതുതായി കടമുറികൾ ലേലത്തിൽ ലഭിക്കുന്ന വ്യക്തികൾ 5000/- രൂപ സുരക്ഷിത നിക്ഷേപവും 6 മാസത്തെ വാടക അഡ്വാൻസും മുൻകൂർ അടയ്ക്കേണ്ടതും മുദ്രപത്രത്തിൽ എഗ്രിമെന്റ് വെയ്ക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 22/03/2016 ൽ നടന്ന പുനർലേലത്തിൽ കടയ്ക്കൽ ഷോപ്പിംഗ് കോംപ്ലക്സിലെ 3-ാം നമ്പർ കടമുറി പുതുതായി ലേലത്തിൽ പിടിച്ച ശ്രീ.അബ്ദുൾ സലാം നാളിതുവരെ നിക്ഷേപവും വാടകയും അടക്കുകയോ എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4.5) വാടകക്കാരന് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭിച്ചു. അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 പരസ്യനികുതി പിരിക്കുന്നില്ല – വരുമാന നഷ്ടം

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ധാരാളം പരസ്യബോർഡുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും 2015-16 -ൽ പരസ്യനികുതി വരവില്ല. പരസ്യനികുതി ബൈലോ തയ്യാറാക്കിയിട്ടില്ല. അതിനാൽ ഗ്രാമപഞ്ചായത്തിന് തുടർച്ചയായി വരുമാനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ജി.ഒ(പി)128/2002 എൽ.എസ്.ജി.ഡി. തീയതി.25/07/2002 പ്രകാരം എല്ലാ പഞ്ചായത്തുകളും പരസ്യനികുതി ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12.1) ബൈലോ പാസ്സാക്കിയിട്ടില്ലായെന്ന് മറുപടി ലഭിച്ചു. അടിയന്തിരമായി ബൈലോ തയ്യാറാക്കി പരസ്യനികുതി പിരിച്ചെടുക്കേണ്ടതാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർദ്ദേശങ്ങൾ പാലിക്കുന്നില്ല; അഗതി ആശ്രയ ഗുണഭോക്താക്കൾക്ക് അവഗണന

ആശ്രയപദ്ധതി പ്രകാരം ഭക്ഷണം, മരുന്ന് തുടങ്ങിയ അതിജീവനാവശ്യങ്ങൾ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിറവേറ്റപ്പെടേണ്ടതും, വീട് വക്കാൻ സ്ഥലം, വീട്, കുടിവെള്ളം, കക്കൂസ്സ്, വീട് റിപ്പയർ തുടങ്ങി അടിസ്ഥാന ആവശ്യങ്ങൾക്കുള്ള ഫണ്ട് സ്ഥാപനം വഹിക്കേണ്ടതുമാണ്. പദ്ധതി നിർദ്ദേശങ്ങൾ പ്രകാരം അടിസ്ഥാനആവശ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന പ്രോജക്ടുകളിലെ ആദ്യഗുണഭോക്താക്കളായി ആശ്രയപദ്ധതിയിൽപ്പെട്ടവരെ ഉൾപ്പെടുത്തിയാണ് ഇവരുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടത്. എന്നാൽ ആശ്രയപദ്ധതിയിൽപ്പെടുന്നവർക്കായി തുച്ഛമായ തുകയ്ക്ക് പ്രത്യേക പദ്ധതികൾ തയ്യാറാക്കി ചെലവു ചെയ്യുന്ന രീതിയാണ് പഞ്ചായത്ത് പിൻതുടരുന്നത്. ഏറ്റവും അർഹരായവരുടെ ആവശ്യം നിറവേറപ്പെടുന്നതിന് മുമ്പ് അതിലും ഉയർന്നശേഷിയുള്ള മറ്റുവിഭാഗങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നു. ആശ്രയപദ്ധതിയിൽ പെട്ടവരുടെ ആവശ്യങ്ങൾ വർഷങ്ങൾക്കു ശേഷവും നിറവേറപ്പെടാതെ പോകുന്നു. ഇത് ശരിയല്ല. അടിസ്ഥാന സൗകര്യവികസനത്തിൽ അഗതികുടുംബാംഗങ്ങൾക്ക് പ്രഥമപരിഗണന നൽകി പ്രോജക്ട് തയ്യാറാക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ആശ്രയ ഗുണഭോക്താക്കളുടെ എണ്ണം, അടിസ്ഥാനസൗകര്യങ്ങൾക്ക് ലഭിച്ച ആനുകൂല്യങ്ങൾ ഇവ സംബന്ധിച്ച് പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. ആനുകൂല്യങ്ങൾ നൽകിയതിന്റെ വിവരങ്ങൾ

| ഇനം. | ഒന്നാംഘട്ട പ്രോജക്ട് | രണ്ടാംഘട്ട പ്രോജക്ട് |
|---|---|---|
| ഗുണഭോക്താക്കളുടെ എണ്ണം. | 67 | 100 |

| | | |
|---|---|---|
| വീട് വെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ. | 17 | 32 |
| നാളിതുവരെ ആനുകൂല്യം ലഭിച്ചവർ | കൃത്യമായ വിവരം ഇല്ല | 0 |
| വീട് ആവശ്യമുള്ളവർ | 25 | 54 |
| വീട് ലഭിച്ചവർ | 3(2013ന ശേഷം. അതിനുമുമ്പ് നൽകിയവിവരങ്ങൾ ലഭ്യമല്ല.) | |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 5 | 29 |
| ആനുകൂല്യം ലഭിച്ചവർ | - | - |
| കക്കൂസ്സ് ആവശ്യമുള്ളവർ | വിവരശേഖരണം നടത്തിയിട്ടില്ല | 77 |
| നാളിതുവരെ ലഭിച്ചവർ | - | 0 |
| കുടിവെള്ളം ആവശ്യമുള്ളവർ | 53 | 53 |
| നാളിതുവരെ ലഭിച്ചവർ | - | - |
| വൈദ്യുതി ആവശ്യമുള്ളവർ | വിവരശേഖരണം നടത്തിയിട്ടില്ല | വിവരശേഖരണം നടത്തിയിട്ടില്ല |

2.വിലയിരുത്തൽ സമിതികൾ നിഷ്ക്രിയം

ലഭ്യമാക്കിയ വിവരങ്ങളിൽ നിന്ന് അഗതികുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളുടെ കൃത്യമായ വിവരശേഖരണമോ മോണിറ്ററിംഗോ നടക്കുന്നില്ല എന്ന് വ്യക്തമാകുന്നു. ആശ്രയപദ്ധതി മോണിറ്ററിംഗിന് വിലയിരുത്തൽ ഉപസമതി രൂപീകരിക്കേണ്ടതാണ്. പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ, സെക്രട്ടറി, സി.ഡി.എസ്സ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, അംഗൻവാടി സൂപ്പർവൈസർ, സി.ഡി.എസ്സിലെ ആശ്രയയുടെ ചുമതലയുള്ള അംഗം, ഈ രംഗത്തെ പ്രവർത്തിക്കാൻ താത്പര്യമുള്ള രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവർ അംഗങ്ങളായുള്ള ഈ സമിതി ആശ്രയപ്രോജക്റ്റുകൾ മോണിറ്റർ ചെയ്യേണ്ടതും രണ്ടു മാസത്തിൽ ഒരിക്കൽ പഞ്ചായത്ത് സമിതി നിർബന്ധമായും ആശ്രയപദ്ധതി വിലയിരുത്തേണ്ടതാണ്. ഈ വിധത്തിലുള്ള വിലയിരുത്തലുകൾ ഭരണസമിതിയുടെ ഭാഗത്തു നിന്നോ സി.ഡി.എസ്സിന്റെ ഭാഗത്തുനിന്നോ ഉണ്ടാകുന്നില്ല. ചലഞ്ച് ഫണ്ടിൽ നിന്ന് ഭക്ഷണം നൽകുന്ന എന്നല്ലാതെ മറ്റ് അടിസ്ഥാന ആവശ്യങ്ങളോ, അതിജീവനാവശ്യങ്ങളോ തിട്ടപ്പെടുത്തുകയോ പരിഹരിക്കപ്പെടുകയോ ചെയ്യാത്തത് അത്യന്തം ഗൗരവമായി ഓഡിറ്റ് വിലയിരുത്തുന്നു. ഒന്നാം ഘട്ട ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ പുനർനിർണ്ണയിക്കേണ്ടതും അടിസ്ഥാന ആവശ്യങ്ങൾക്ക് അർഹരായവരെ അതാത് ഗുണഭോക്തൃപട്ടികയുടെ ആദ്യഗുണഭോക്താക്കളായി പരിഗണിച്ച് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

3. ചലഞ്ച് ഫണ്ട് -നീക്കിയിരിപ്പ് വിവരം

ഗ്രാമപഞ്ചായത്ത് അഗതി ആശ്രയ പദ്ധതിക്ക് ചലഞ്ച് ഫണ്ട് ഒന്നാംഘട്ടം 10,00,000രൂപയും രണ്ടാം ഘട്ടം 474750 രൂപയും ആണ് ലഭിച്ചത്. ആശ്രയ അക്കൗണ്ടിൽ 1156339/-രൂപ 14-12-2016ൽ ബാക്കിയുണ്ട്. വീട് നിർമ്മാണത്തിന് ലഭിച്ച 175000/- രൂപ, ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച 200000/- രൂപ ഇവയും ഈ നീക്കിയിരുപ്പിൽ ഉൾപ്പെടുന്നു. ശേഷിക്കുന്ന തുകയിൽ ചലഞ്ച് ഫണ്ട് അല്ലാതെ ഏതെങ്കിലും തുകകൾ ഉണ്ടോ എന്നത് വ്യക്തമല്ല. മുൻവർഷങ്ങളിലെ വരവുചെലവു രേഖകൾ പരിശോധിച്ച് നീക്കിയിരുപ്പ് തുകയുടെ വിശദാംശങ്ങൾ കണ്ടെത്തി സൂക്ഷിക്കേണ്ടതും നിയമപ്രകാരം ചെലവഴിക്കേണ്ടതുമാണ്.

4.അനർഹരെ ഒഴിവാക്കണം

12-ാം പദ്ധതി മാർഗ്ഗരേഖ ആശ്രയകുടുംബങ്ങളെ കണ്ടെത്തുന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അർഹതയില്ലാത്ത കുടുംബങ്ങൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആനുകൂല്യങ്ങൾ നൽകുന്നതിൽ നിന്ന് ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5.ചലഞ്ച് ഫണ്ട് വിനിയോഗം വിപുലപ്പെടുത്തണം

ഭക്ഷണത്തിനു മാത്രമാണ് ഇപ്പോൾ ചലഞ്ച് ഫണ്ട് ഉപയോഗിക്കുന്നത്. അഗതി ആശ്രയപദ്ധതിയിലെ മിക്ക അംഗങ്ങളും പല രോഗങ്ങൾക്കും അടിമകളാണ്. എങ്കിലും ചികിൽസാസഹായം ലഭിക്കുന്നില്ല. GO(MS)NO.4/2016 DT.11-1-2016 പന്ത്രണ്ടാം പദ്ധതി പുതുക്കിയ മാർഗ്ഗനിർദ്ദേശം അനുബന്ധം 13ഖണ്ഡിക 6-3(9) അഗതി കുടുംബങ്ങൾക്ക് ചികിൽസാചെലവ് സൗജന്യമായി ലഭ്യമാക്കണമെന്നും ആവശ്യമെങ്കിൽ അഗതിപുനരധിവാസഫണ്ടിൽനിന്നും തുക ചെലവഴിക്കാമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. അർഹരായവർക്ക് ചികിൽസാരേഖകളും ബില്ലുകളും ഹാജരാക്കുന്ന മുറക്ക് ചികിൽസാസഹായം നൽകാവുന്നതാണ്. കൂടാതെ ഖണ്ഡിക6-11(9) പ്രകാരം ചലഞ്ച് ഫണ്ടിന്റെ 1% റിസർവ് ഫണ്ടായി സൂക്ഷിക്കാവുന്നതും അഗതികുടുംബാംഗങ്ങൾക്ക് പെട്ടെന്നുണ്ടാകുന്ന അത്യാഹിതങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ ഇവയ്ക്ക് സി.ഡി.എസ്സ് തീരുമാന പ്രകാരം ചെലവഴിക്കാവുന്നതുമാണ്. അഗതികുടുംബങ്ങളെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിനും ലഭ്യമായ ഫണ്ട് ചെലവഴിക്കുന്നതിനും ജീവനക്കാരും ഭരണസമിതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-2 ഭക്ഷണത്തിനായി വികസനഫണ്ട് വകയിരുത്തിയത് ക്രമപ്രകാരമല്ല

അഗതി കുടുംബങ്ങൾക്ക് ഭക്ഷണത്തിനായി 2014-15-ൽ 50000രൂപയും 15-16-ൽ 150000 രൂപയും പദ്ധതി വിഹിതം വകയിരുത്തി പദ്ധതി തയ്യാറാക്കി ആശ്രയ അക്കൗണ്ടിലേക്ക് മാറ്റി നൽകുകയും ചെയ്തിട്ടുണ്ട്. അതിജീവനാവശ്യങ്ങൾക്കായി ആശ്രയചലഞ്ച് ഫണ്ടിൽ 1200000 ലക്ഷത്തോളം രൂപ നിലനിൽക്കെയാണ് ഇപ്രകാരം വികസനഫണ്ട് ഉപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കിയത്. ഇത് ക്രമപ്രകാരമല്ല. അഗതികുടുംബങ്ങളുടെ അടിസ്ഥാനആവശ്യങ്ങൾക്കായി മാത്രമേ വികസനഫണ്ട് വകയിരുത്താൻ പാടുള്ളൂ. അതിനായി പ്രത്യേക പ്രോജക്ട് തയ്യാറാക്കാതെ ഈ കുടുംബങ്ങളെ ഗുണഭോക്തൃപട്ടികയുടെ ആദ്യഗുണഭോക്താക്കളായി പരിഗണിച്ച് ആനുകൂല്യങ്ങൾ നൽകേണ്ടതാണ്. വികസനഫണ്ടിൽ നിന്ന് നൽകിയ ചെലവഴിക്കാതെ ശേഷിക്കുന്ന തുക തിരിച്ചടക്കേണ്ടതാണ്.

## 3-3 തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ സപ്ലൈയറിൽ നിന്ന് വാറ്റ് ഈടാക്കിയില്ല. സംസ്ഥാന ഫണ്ടിന് നഷ്ടം 250660

തൊഴിലുറപ്പ് പദ്ധതിയിൽ പഞ്ചായത്ത് 2015-2016 – ൽ വർഷം നടപ്പാക്കിയ മെറ്റീരിയൽ വർക്കിനായി ഗ്രാവൽ, മെറ്റൽ, എംസാന്റ്, സിമന്റ് എന്നിവ കരാറുകാരനിൽ നിന്ന് വാങ്ങിയിരുന്നു. മെറ്റീരിയൽ സപ്ലൈ ചെയ്ത വ്യക്തി വാറ്റ് ഒടുക്കിയിട്ടുള്ള ബിൽ ഹാജരാക്കാത്തതിനാൽ ടിയാനിൽ നിന്ന് ഓരോ മെറ്റീരിയൽസിനും സർക്കാർ നിശ്ചയിച്ചിട്ടുള്ള ശതമാനം നിരക്കിൽ നികുതി ഈടാക്കി സർക്കാരിലേക്ക് ഒടുക്കു വരുത്തണമായിരുന്നു.. കരാറുകാർ സിമന്റിനുമാത്രമാണ് വാറ്റ് ഒടുക്കിയ ബില്ല് ഹാജരാക്കിയിട്ടുള്ളത്. 2015-2016 ചെലവു വന്നിട്ടുള്ള വർക്കുകളും ഇവയ്ക്കായി സിമന്റ് ഒഴികെ ഉപയോഗിച്ച മെറ്റീരിയൽസ്, ഒടുക്കേണ്ട നികുതി എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു. വാറ്റ് ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

| ക്രമനം. | പ്രവർത്തിയുടെ പേര് എം.ബുക്ക്. | മെറ്റീരിയലിന്റെ | നൽകിയ തുക | ഈടാക്കേണ്ടി | ഈടാക്കേണ്ടിയിരുന്ന |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | അളവ്. | | യിരുന്ന വാറ്റ് % | വാറ്റ് തുക |
| 1 | പുതുശ്ശേരി പടീറ്റതിൽ കൊന്ന ക്കോട്ട് റോഡ് കോൺക്രീറ്റ് .<br>കരാറുകാരൻ-സുനിൽ ചന്ദ്രൻ. | Gravel-20 $m^3$<br>40mm-33.25 $m^3$<br>20mm-16 $m^3$<br>msand -25 $m^3$ | 20380<br>49875<br>24800<br>61250 | 5%<br>14.5% | 1019<br>19709 |
| 2 | മന്ദിരം ജംഗ്ഷൻ കിഴക്കോട്ട് റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ-സുനിൽ ചന്ദ്രൻ. | 40mm-35.65 $m^3$<br>20mm-16.90 $m^3$<br>msand -26.50$m^3$ | 53475<br>26195<br>64925 | 14.5% | 20966 |
| 3 | പുലത്തറവയൽ അംഗൻവാടി റോഡ്കോൺക്രീറ്റ്<br>കരാറുകാരൻ - സുനിൽ ചന്ദ്രൻ. | Gravel-20<br>25.88 $m^3$<br>quarymuck-19.90<br>40mm-16.40 $m^3$<br>20mm-7.76 $m^3$<br>msand -12.30m3 | 26371.72<br>20188.55<br>24600<br>12028<br>30135 | 5%<br>14.5% | 1319<br>86952 |
| 4 | മോഹനവിലാസം കൊച്ചുപറമ്പിൽറോഡ് കോൺക്രീറ്റ്<br>കരാറുകാരൻ-ശ്രീ.കിഷോർകുമാർ | Gravel-20 $m^3$<br>40mm-30.80 $m^3$<br>20mm-14.60 $m^3$<br>msand -22.85m3 | 5503<br>46200<br>22630<br>55982 | 5%<br>14.5% | 275<br>18098 |
| 5 | കമ്പളത്തമുക്ക് കൈമുട്ടിമുക്ക റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ-ശ്രീ.രഘുനാഥൻ. | Gravel-32.40 $m^3$<br>quarymuck-8.10$m^3$<br>40mm-30.80 $m^3$<br>20mm-16.40 $m^3$<br>msand-22.84 $m^3$ | 33015.60<br>8217.45<br>46200<br>22630<br>55958 | 5%<br>14.5% | 1650<br>18094 |
| 6 | കല്ലുതുണ്ടിൽ പള്ളിമുക്ക്<br>റോഡ്കോൺക്രീറ്റ്<br>കരാറുകാരൻ-ശ്രീ.സന്തോഷ് കുമാർ | 40mm-34.20 $m^3$<br>20mm-16.20 $m^3$<br>msand-25.40 $m^3$ | 138640 | 14.5% | 20102 |

| | | | | | |
|---|---|---|---|---|---|
| 7 | ഇലവിൻമൂട് കടുവിങ്കൽ<br>റോഡ്കോൺക്രീറ്റ്<br>കരാറുകാരൻ-സുനിൽ ചന്ദ്രൻ. | 40mm-26.49 $m^3$<br>20mm-12.54 $m^3$<br>msand-19.65 $m^3$ | 107314 | 14.5% | 15561 |
| 8 | കൊല്ലകജം.ചെറിയമഠത്തിൽ<br>റോഡ്കോൺക്രീറ്റ്<br>കരാറുകാരൻ- ശ്രീ.സുനിൽ ചന്ദ്രൻ. | Gravel-87.50 $m^3$<br>40mm-25 $m^3$<br>20mm-12 $m^3$<br>msand-18.50 $m^3$ | 89163<br>100093 | 5% | 4458<br>14513 |
| 9 | കമ്പളത്തമുക്ക് കൈമൂട്ടിൽമുക്ക് മൂന്നാംറീച്ച്.<br>റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ ശ്രീ.രഘുനാഥൻ | Gravel-22.20 $m^3$<br>quarymuck-18 $m^3$<br>40mm-21 $m^3$<br>20mm-10 $m^3$<br>msand -16 $m^3$ | 22622<br>104461 | 5%<br>14.5% | 1131<br>15147 |
| 10 | ഉണ്ടിൽ മുക്ക് കുളമുറി<br>റോഡ്കോൺക്രീറ്റ്<br>കരാറുകാരൻ- ശ്രീ.സുനിൽ ചന്ദ്രൻ. | Gravel-16.20 $m^3$<br>quarrymuck-12$m^3$<br>40mm-15.40 $m^3$<br>20mm-7.30 $m^3$<br>msand-11.50 $m^3$ | 16507.80<br>74764 | 5%<br>14.5% | 825<br>10841 |
| | ആകെ. | | | | 250660 |

1.തൊഴിലുറപ്പ് പദ്ധതി-ക്യാഷ് ബുക്കിൽ വരവുചെലവുകൾ പൂർണ്ണമല്ല.

ഓരോ ദിവസവും നടപ്പിലാക്കിയ പദ്ധതികൾ, അവയുടെ ചെലവുതുക ചെലവു നടന്ന തീയതി ഇവ വ്യക്തമാക്കത്തക്ക രീതിയിൽ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മുൻവർഷങ്ങളിൽ ഈ വിവരങ്ങൾ അടങ്ങിയ ക്യാഷ് ബുക്ക് സൂക്ഷിച്ചിരുന്നു. എന്നാൽ ഇപ്പോൾ IFMS വഴിയാണ് ഫണ്ട് ചെലവഴിക്കുന്നത് എന്നും, ക്യാഷ് പഞ്ചായത്തിൽ ലഭിക്കുന്നില്ല എന്നുമുള്ള കാരണം കാണിച്ച് ഈ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നില്ല. ഓരോ മാസവും നടന്ന വർക്കുകൾ ഏതൊക്കെ, അവയ്ക്ക് നൽകിയ പേയ്മെന്റ് എത്ര, എന്ന് നൽകി എന്നിവ വ്യക്തമാക്കത്തക്ക രീതിയിൽ വിശദമായ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

## 3-4 സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ-പർച്ചേസുകൾ നടത്തുന്നു

2015-16വർഷം തനതുഫണ്ടിൽ നിന്നും നടത്തിയിട്ടുള്ള വാങ്ങലുകൾ, പ്രിന്റിംഗ് ചെലവുകൾ എന്നിവ പരിശോധിച്ചതിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളോ, (ജി.ഒ.(പി.) നം.259/2010. ത.സ്വ.ഭ.വ തീയതി 8-11-2010), സ്റ്റോർ പർച്ചേയ്സ് മാന്വലോ പാലിക്കാതെയാണ് പർച്ചേസുകൾ നടത്തിയിട്ടുള്ളതെന്ന് കാണുന്നു.

കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ ഉപയോഗം മുൻനിർത്തി ഓരോ വർഷവും ഓഫീസ് സ്റ്റേഷനറിക്കായി ആവശ്യമായ സാധനങ്ങളുടെ പട്ടിക വർഷാരംഭത്തിന് മുമ്പ് തന്നെ തയ്യാറാക്കണം എന്നും പട്ടിക തയ്യാറാക്കുമ്പോൾ അടുത്ത മൂന്ന്

മാസത്തേക്കുള്ള ആവശ്യകതയും പരിഗണിക്കണം എന്നും, ഓഫീസ് ഉപകരണങ്ങൾ, ഫർണീച്ചറുകൾ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങണം എന്നും, നിരക്കുകൾ താരതമ്യം ചെയ്ത് പരമാവധി നേട്ടമുണ്ടാകുന്ന തരത്തിൽ വാങ്ങലുകൾ നടത്തണം എന്നുമുള്ള നിർദ്ദേശങ്ങൾ പാടെ അവഗണിച്ചുകൊണ്ട് സ്റ്റേഷനറികളും ഫർണീച്ചറുകളും യാതൊരു നിയന്ത്രണവുമില്ലാതെ വാങ്ങുന്ന രീതിയാണ് നടന്നു വരുന്നത്.

എ. പ്രിന്റിഗ്&സ്റ്റേഷനറി ചെലവ്

തൻവർഷം തനതുഫണ്ട് ഉപയോഗിച്ച് ഓഫീസ് സ്റ്റേഷനറിക്കായി താഴെ പറയും പ്രകാരം ചെലവുകൾ നടത്തിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./തീയതി | ഇനം | തുക |
|---|---|---|---|
| 1. | 21500301/1-08-2015 | ഓഫീസ് സ്റ്റേഷനറി | 9965 |
| 2 | 220210102/26-08-2015 | ഓഫീസ് സ്റ്റേഷനറി | 340 |
| 3 | 220210102/12-10-2015 | ഫോട്ടോകോപ്പിയർ പേപ്പർ | 792/- |
| 4 | 51500681/3-12-2015 | ക്ലോക്ക് വാങ്ങിയത് | 380 |
| 5 | 21500774/16-01-2016 | മിനിട്സ് ബുക്ക് വാങ്ങിയത് | 11405 |
| 6 | 21500798/21-01-2016 | രജിസ്റ്റർ, ഫയൽപാഡ് എന്നിവ വാങ്ങിയത് | 4150 |
| 7 | 21501016/22-03-2016 | ഫോട്ടോകോപ്പിയർ പേപ്പർ | 4875 |
| 8 | 21501126/30-03-206 | ഫയൽ പർച്ചേസുകൾ | 4704 |
| 9 | 21501018/22-03-206 | പ്രിന്റിംഗ് | 7800 |
| 10 | 21500876/2-02-2016 | പ്രിന്റിംഗ് | 11500 |
| 11 | 21500983/10-03-2016 | പ്രിന്റിംഗ് | 500 |
| 12 | 21500934/1-03-2016 | പ്രിന്റിംഗ് | 11700/ |
| | | | |
| | | ആകെ | 68111രൂപ |

പ്രിന്റിംഗ്& സ്റ്റേഷനറിക്കായി 50000 ത്തിൽ അധികം രൂപ ചെലവു വന്നെങ്കിലും ഓരോ പർച്ചേയ്സും, പ്രിന്റിംഗും പെറ്റി പർച്ചേയ്സ് എന്ന് പരിഗണിച്ച് ക്വട്ടേഷൻ നടപടികൾ കൂടാതെ നടത്തുകയാണ് ചെയ്തിട്ടുള്ളത്. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങൽ നടത്തണമെന്ന നിർദ്ദേശം പാലിക്കാതെ മാർക്കറ്റ് വിലപോലും പരിഗണിക്കാതെ ഏതെങ്കിലും സ്ഥാപനത്തിൽ നിന്ന് വാങ്ങുകയും കണ്ടിജന്റ് ചെലവായി പരിഗണിച്ച് ഭരണസമിതിയുടെ അംഗീകാരം വാങ്ങുകയും ചെയ്യുന്ന രീതി അംഗീകരിക്കാവുന്നതല്ല. ഇത് നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾക്കും പഞ്ചായത്തിന്റെ താത്പര്യങ്ങൾക്കും വിരുദ്ധമാണ്.

ഇലക്ട്രിക്ക്സാധനങ്ങളുടെ വാങ്ങൽ..

പഞ്ചായത്ത് ഓഫീസിലെ വിവിധ ഇലക്ട്രിക്, പ്ലംബിംഗ് അറ്റകുറ്റപ്പണികൾക്കായി സാമഗ്രികൾ വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം ചെലവു വന്നിട്ടുണ്ട്. ഇലക്ട്രിക് അറ്റകുറ്റപ്പണികൾ ആവശ്യമായിരുന്ന പക്ഷം എഞ്ചിനീയറെക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കി അതിൻപ്രകാരം പ്രവർത്തികൾ നടത്തുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. ഇതിനു വിരുദ്ധമായി അറ്റകുറ്റപ്പണികൾക്കായി യാതൊരു സർക്കാർ നിർദ്ദേശങ്ങളും പാലിക്കാതെ വാങ്ങൽ നടത്തി വരുകയാണ് ചെയ്യുന്നത്.

| ക്രമ നം. | വൗച്ചർ നം./തീയതി | ഇനം | തുക |
|---|---|---|---|
| 1 | 220800199/26-08-2015 | ഇലക്ട്രിക്ക് സാധനങ്ങൾ | 1400 |
| 2 | 21500411/22-09-2015 | ഇലക്ട്രിക്ക് സാധനങ്ങൾ | 340 |

| ക്രമ നം. | വൗച്ചർ നം./തീയതി | ഇനം | തുക |
|---|---|---|---|
| 3 | 220110199/12-10-2015 | പംബ്ളിംഗ് സാധനങ്ങൾ | 1674/ |
| 4 | 220110199/12-10-2015 | ഇലക്ട്രിക്ക് സാധനങ്ങൾ | 1670/- |
| 5 | 5150026/13-10-2015 | ഇലക്ട്രിക്ക് സാധനങ്ങൾ | 615 |
| 6 | 51500679/2-12-2015 | സി.എഫ്.എൽ വില | 210 |
| 7 | 21500691/18-12-2015 | ഇലക്ട്രിക്ക് സാധനങ്ങൾ | 13,100 |
| 8 | 21501021/22-03-2016 | എൽ.ഇ.ഡി.ലാംപിന്റെ വില | 2934 |
| 9 | 21501021/9-03-2016 | എൽ.ഇ.ഡി.ലാംപിന്റെ വില | 2934 |
| 10 | 21500912/15-02-2016 | സി.എഫ്.എൽ വില | 170 |

3. ഫർണീച്ചർ വാങ്ങൽ

ഫർണീച്ചർ വാങ്ങലിനായി കണ്ടിജൻസി ചെലവായി കണക്കാക്കി താഴെ പറയും പ്രകാരം തുക ചെലവഴിച്ചു. ഈ സാമ്പത്തിക വർഷം തന്നെ കൊച്ചുകുഞ്ഞുസ്മാരകഹാൾ എന്ന പേരു നൽകിയിട്ടുള്ള പഞ്ചായത്ത് ഓഫീസ് മുകൾ ഹാളിലേക്ക് 50000രൂപയുടെ കസേരകളും ഹോമിയോ ആശുപത്രിക്ക് 32000രൂപയുടെ ഫർണീച്ചറുകളും പ്രോജക്റ്റ് പ്രകാരം വാങ്ങിയിരുന്നു. ഇത് കൂടാതെയാണ് നടപടിക്രമങ്ങൾ ഒന്നും പാലിക്കാതെ ഈ വാങ്ങലുകൾ നടത്തിയത്. അടിയന്തിരമായി പർച്ചേയ്സ് കമ്മറ്റി പ്രവർത്തനക്ഷമമാക്കേണ്ടതും കണ്ടിജൻസി ചെലവുകൾ അല്ലാതെയുള്ള വാങ്ങലുകൾ കമ്മറ്റിയുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്.

| | | | |
|---|---|---|---|
| 1 | 21501126/30-03-206 | കസേര വാങ്ങൽ | 11250/- |
| 2 | 51500727/30-12-2015 | സ്റ്റീൽ മേശകൾ വാങ്ങിയ ചെലവ് | 6200/- |

അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 3-5 ടാറിന്റെ അധികവില തിരികെ ഈടാക്കിയതിൽ കുറവ്. നഷ്ടം- 7875/-രൂപ

2015-16 വർഷം ഗുണഭോക്തൃസമതി വഴി നടപ്പിലാക്കിയ ടാറിംഗ്-റീടാറിഗ് വർക്കുകളിൽ വർക്കിന്റെ ആകെ മൂല്യത്തിൽ നിന്ന് കൺവീനർക്ക് യഥാർത്ഥത്തിൽ ചെലവായ ടാർ വില കഴിച്ച് ബാക്കി തുക മാത്രമേ കൺവീനർക്ക് നൽകി വരുന്നുള്ളൂ. ഇപ്രകാരം തുക നൽകിയപ്പോൾ താഴെ പറയുന്ന പ്രവർത്തിയിൽ അധികത്തുക നൽകിയിട്ടുണ്ട്.

| വർക്കിന്റെ പേരും മറ്റു വിശദാംശങ്ങൾ | പോട്ട്ഹോൾ ഫില്ലിഗ് ടാറിംഗ്, റീടാറിംഗ് എന്നിവയുടെ അളവ്. | ആവശ്യമായ ടാർ | TSപ്രകാരം ടാർ വില | കൺവീനർ ടാർ വാങ്ങിയ വില | തിരികെ ഈടാക്കേണ്ടത് | ഈടാക്കിയത് | ബാക്കി |
|---|---|---|---|---|---|---|---|
| തെക്കേത്തറ കോളനി റോഡ് റീടാറിംഗ്. കൺവീനർ പ്രഭുല്ലകുമാർ എം.ബുക്ക്നം.88/16 dt.29-3-2016 | $540m^2$ ('ടാറിംഗ്') &$7.36m^3$ (pothole filling) | 540*29.2kg/10 $m^2$=1576.8kg<br>$7.36m^3$*27.5/ $m^3$ =202.4kg<br>----------<br>1779.2kg | 1779.2*73.9kg =131483 | 54250 | 77233+<br>2835(ബാരൽ വില+വാറ്റ് )<br>--------------<br>80068 | 72193 | 7875 |

| | | | | | | | |
|---|---|---|---|---|---|---|---|
| തുക-198698<br>കൺവീനർക്ക് നൽകിയത്- 183364 | | | | | | | |

അധികചെലവ് എൻക്വയറി വഴി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ 22-12-2016ൽ തുക തിരിച്ചടച്ച് രസീത് ഹാജരാക്കാക്കുകയുണ്ടായി.

## 3-6 കൺവീനർ വർക്കിന് കരാറുകാരന്റെ ലാഭം ഉൾപ്പെട്ട നിരക്ക് നൽകി. 987/-രൂപയുടെ അധിക ചെലവ്

ആര്യാട് വിള കോളനി റോഡ് മെറ്റലിംഗ്&ടാറിംഗ്

എം.ബുക്ക് നം:- 25/15-16& 26/15-16

കൺവീനർ:- ശ്രീ.സുമേഷ്.

ബിൽ നം:- 93/16DT.29-3-16

ചെലവ് :- 287104രൂപ

എം.ബുക്ക് പേജ് 24പ്രകാരം 5.71$m^3$ good quality gravelly earth 1325.35/$m^3$ നിരക്കിൽ വാങ്ങുന്നതിനായി 7567.74 രൂപ ചെലവുചെയ്തിട്ടുണ്ട്. എന്നാൽ കൺവീനർ വർക്കായതിനാൽ cp ഒഴിവാക്കി 1152.47/$m^3$എന്ന നിരക്കാണ് അനുവദനീയമായത്. ആയതിനാൽ 5.71$m^3$ ന് 987 രൂപയുടെ അധിക ചെലവു വന്നിട്ടുണ്ട്. എൻക്വയറി പ്രകാരം വിശദീകരണം ആവശ്യപ്പെട്ടപ്പോൾ 22-12-2016ൽ തുക തിരികെ ഈടാക്കി രസീത് ഹാജരാക്കിയിട്ടുണ്ട്.

## 3-7 പൊതുമാരാമത്ത് മേഖലയിലെ പ്രവൃത്തികളുടെ ആസൂത്രണം, നിർവഹണം - അപാകതകൾ

രണ്ടു പഞ്ചായത്തുകളുടെ ചുമതലയുള്ള ഒരു അസിസ്റ്റന്റ് എഞ്ചിനീയറും 2 ഓവർസിയറുമാരുമാണ് എഞ്ചിനീയറിംഗ് വിഭാഗത്തിലുള്ളത്. പശ്ചാത്തല മേഖലയിൽ മറ്റ് മേഖലകളെ അപേക്ഷിച്ച് കൂടുതൽ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്നുണ്ട്. പദ്ധതി തുക വിവിധ വാർഡുകളിലായി വീതിച്ചു നൽകുന്ന പ്രവണത തുടരുന്നതിനാൽ ചെറിയ അടങ്കലുള്ള അനേകം പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കാൻ ഈ വിഭാഗം നിർബന്ധിതമാകുന്നു. 2015-16 വർഷം 115 പ്രോജക്ടുകൾക്കായി 29547461 രൂപ വകയിരുത്തുകയും 24334425 രൂപയ്ക്ക് 99 പ്രോജക്ടുകൾ നടപ്പിലാക്കുകയും ചെയ്തു. ചെലവു പരിശോധനയിൽ ബഹുഭൂരിപക്ഷം പ്രോജക്ടുകളും മാർച്ച് മാസത്തിലാണ് നിർവഹിക്കപ്പെട്ടത് എന്നു കാണുന്നു. പരിമിതമായ സ്റ്റാഫ് മാത്രമുള്ള സാഹചര്യത്തിൽ മുഴുവൻ സൈറ്റുകളും സന്ദർശിച്ച് പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സാധ്യമല്ല. അടങ്കൽ തുകയിൽ വർദ്ധനവ് വരുത്തുകയും പ്രോജക്ടുകളുടെ എണ്ണത്തിൽ കുറവു വരുത്തുകയും പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ വർഷാരംഭം മുതൽ തന്നെ തുടങ്ങുന്നതിനും ബന്ധപ്പെട്ടവർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

എ. ഗുണഭോക്തൃസമിതികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

ഗുണഭോക്തൃസമിതികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. കരാർ ഉടമ്പടി പൂർത്തിയാക്കുന്നില്ല. പൂർണ്ണമായ ചെലവുരേഖകളില്ലാതെ എം. ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരമാണ് മിക്ക വർക്കുകൾക്കും ചെലവ് നടത്തിയിട്ടുള്ളത്. വർക്കുകളുടെ മോണിറ്ററിംഗ് റിപ്പോർട്ടും സൂക്ഷിക്കുന്നില്ല. പൂർണ്ണമായ ചെലവുരേഖകളുടെ അഭാവത്തിൽ താഴെ പറയുന്ന ചെലവുകൾ തടസ്സപ്പെടുത്തുന്നു.

## 3-8 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നില്ല

പഞ്ചായത്തിലെ നിരവധി കുടിവെള്ള പദ്ധതികൾക്കുള്ള വൈദ്യുതി ചാർജ്ജ് കണ്ടെത്തുന്നത് തനതുഫണ്ടിൽ നിന്നാണ്. 5000/-രൂപയിൽ താഴെ വൈദ്യുതി ചാർജ്ജ് വരുന്ന കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറണമെന്ന സർക്കാർ നിർദ്ദേശം പാലിച്ച് കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | പ്രതിവർഷം ചെലവഴിക്കുന്ന തുക |
|---|---|---|
| 1 | കൈപ്പള്ളി ഭാഗം പമ്പിംഗ്, സ്റ്റേഷൻ | 15,819/- |
| 2 | കാരാഴ്മ പമ്പിംഗ്സ്റ്റേഷൻ, | 13737/- |
| 3 | കാഞ്ഞിരത്തുംമൂട് ട്യൂബ് വെൽ | 905/- |
| | ആകെ | 30,461 |

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13 തീയതി.19-12-2016) ന് ലഭിച്ച മറുപടിയിൽ, പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്ത് കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിച്ച് കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 സർക്കാർ അനുവാദമില്ലാതെ റഗുലർ തസ്തികയിലേക്ക് നിയമനം നടത്തി

5/10/2015മുതൽ 17/10/2015വരെയുള്ള കാലയളവിൽ ഒഴിവായിക്കിടന്ന എൽ.ഡി.സി തസ്തികയിലേക്ക് ദിവസ വേതന നിയമനം നടത്തിയതായി കാണുന്നു. വൗച്ചർ നം. 21500538 തീയതി 17-10-2015 പ്രകാരം ഇതിനായി 4,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒഴിവുള്ള റഗുലർ തസ്തികയിലേക്ക് നിയമനം നടത്തുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാവണമെന്നിരിക്കേ, ഇപ്രകാരം നിയമനം നടത്തിയത് ക്രമപ്രകാരമല്ല. സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾ പ്രകാരം ഒരു മേൽ ഉദ്യോഗസ്ഥൻ തന്റെ ഏറ്റവും അടുത്തബന്ധുക്കളെ തന്റെ കീഴുദ്യോഗസ്ഥനായി നിയമിക്കുവാൻ പാടില്ല എന്ന് നിഷ്കർച്ചിട്ടുള്ളതാണ്. എന്നാൽ ഇവിടെ സെക്രട്ടറിയുടെ മകനെയാണ് താത്കാലികമായി നിയമിച്ചത്. മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13തീയതി19-12-2016) ലഭ്യമാക്കിയ മറുപടിയിൽ ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവുണ്ട് എന്നും ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള ഉത്തരവുകൾ ഒന്നും ഹാജരാക്കാത്തതിനാൽ, സർക്കാരിന്റെ അനുമതി കൂടാതെ റഗുലർ തസ്തികയിലേക്ക് സെക്രട്ടറിയുടെ മകനെ നിയമനം നടത്തിയത് ക്രമപ്രകാരമല്ലാത്തതിനാൽ ഇതിനായി ചെലവഴിച്ച തുക 4,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 3-10 വള്ളികുന്നം ചിറയിൽ നിന്നും നീക്കം ചെയ്ത ചെളി ലേലം നടത്തിയിട്ടില്ല

2015-16 വർഷം വള്ളികുന്നം ചിറയിൽ നിന്നും 2റീച്ചായി നീക്കം ചെയ്ത് അളന്ന് തിട്ടപ്പെടുത്തിയിരിക്കുന്ന ചെളി ലേലം നടത്തി വരുമാനം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല. 17-01-2015 ലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നീക്കം ചെയ്ത ചെളിയുടെ അളവ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഒന്നാം റീച്ച് - 12,026ക്യൂബിക് മീറ്റർ

രണ്ടാം റീച്ച് - 8780ക്യൂബിക് മീറ്റർ

ഇത് സംബന്ധിച്ച് 4-02-2015 -ൽ വിവിധ ദിനപത്രങ്ങളിൽ ദർഘാസ് പരസ്യം നൽകി 25-02-2015ൽ ലേലം നടത്തുകയും , മുൻലേലത്തുകയിൽ കൂട്ടിവിളിക്കാൻ ആരും തയ്യാറാകാത്തതിനാൽ (1775/-രൂപ), ലേലം മാറ്റിവെയ്ക്കുകയും 23-03-2015ലെ പഞ്ചായത്ത് കമ്മറ്റിയുടെ 2-ാം നമ്പർ തീരുമാനപ്രകാരം പുനർലേലം നടത്തുകയെന്നത്

പ്രായോഗികമല്ലാത്തതിനാൽ, ക്വട്ടേഷൻ ക്ഷണിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

5-06-2015 ൽ നടന്ന ക്വട്ടേഷൻ നടപടികളിലും മുൻലേലത്തുകയിൽ കൂട്ടിരേഖപ്പെടുത്താൻ ആരും തയ്യാറായിട്ടില്ല. 1ക്യുബിക് മീറ്ററിന് 1150/- രൂപ വരെ രേഖപ്പേടുത്തിയിട്ടുള്ള ടെണ്ടറുകൾ ലഭിച്ചെങ്കിലും 2012-ൽ 1775/-രൂപക്കാണ് ചെളി ലേലത്തിൽ പോയത് എന്ന കാരണത്താൽ നിരസിക്കുകയാണ് ചെയ്തത്. തൻവർഷം ഇതിനായി പരസ്യചാർജ്ജ് ഇനത്തിൽ 23,520/-രൂപ ചെലവഴിച്ചിട്ടുണ്ട്. തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നുണ്ടെങ്കിലും 2015-16ൽ പഞ്ചായത്തിന് ഈ ഇനത്തിൽ യാതൊരു വരുമാനവും ലഭിച്ചിട്ടില്ല.

പഞ്ചായത്തിന് സ്ഥിരമായ നഷ്ടം സംഭവിക്കുവാനിടവരാതെ, അടിയന്തിരമായി ജിയോളജി വകുപ്പുമായി/ജില്ലാകളക്ടറുമായി ബന്ധപ്പെട്ട് ചെളിമണ്ണിന്റെ ക്വാളിറ്റി പരിശോധിച്ച്, റേറ്റ് പുതുക്കി നിശ്ചയിച്ച് കളക്ടറുടെ അനുമതിയോട് കൂടി ചെളി ലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ഇലക്ട്രിഫിക്കേഷൻ - മിച്ചം വന്ന തുക പ്ലാൻ ഫണ്ടിൽ അടവാക്കിയില്ല

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പേജ് നം. 6 ൽ , 9 അംഗൻവാടികളിൽ ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിന് പഞ്ചായത്തിൽ നിന്നും പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ, തിരുവനന്തപുരം ഡിവിഷനിൽ നിക്ഷേപിച്ച തുകയിൽ യൂട്ടിലൈസേഷൻ കഴിച്ച് മിച്ചം വന്ന തുക 86,672/- രൂപ രസീത് നം. 308870 തീയതി 28-03-2016- പ്രകാരം വരവ് വന്നതായി കാണുന്നു. ടി തുക, ഡിസ്ട്രിക്റ്റ് കോപ്പറേറ്റീവ് ബാങ്കിലെ തനതുഫണ്ടിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. പ്ലാൻ ഫണ്ടിൽ മിച്ചം വന്ന തുകയാകയാൽ ടി തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടക്കേണ്ടതാണ്.

## 3-12 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട-വില നിർണ്ണയ പട്ടികയിൽ ഉൾപ്പെടാത്ത സാധനങ്ങൾ സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങൽ നടത്തി

പ്രോജക്ട് നമ്പർ :എസ്സ്.0073

ചെലവ് :400000/-രൂപ

മേൽ പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാരായ 16 പേർക്ക് പെട്ടിക്കട നൽകുന്നതിനായി (ബിൽ നം.01/15-16) 400000/-രൂപ പിൻവലിച്ച് സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. ടെണ്ടർ ഒഴിവാക്കിയാണ് സിഡ്കോയിൽ നിന്നും പെട്ടിക്കടകൾ വാങ്ങിയിട്ടുള്ളത്. എന്നാൽ 28.05.2015-ലെ ജി.ഒ(ആർ.ടി)26/2015/എസ്.പി.ഡി നം.ഉത്തരവു പ്രകാരം സർക്കാർ അംഗീകരിച്ച നൽകിയിട്ടുള്ള വില നിർണ്ണയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സാധനങ്ങൾ മാത്രമേ സിഡ്കോയിൽ നിന്നും നേരിട്ട് ടെണ്ടർ കൂടാതെ വാങ്ങാൻ കഴിയുകയുള്ളൂ. ടി ഉത്തരവിന് അനുബന്ധമായി ചേർത്തിട്ടുള്ള വില നിർണ്ണയ പട്ടികയിൽ പെട്ടിക്കട ഉൾപ്പെട്ടിട്ടില്ല. ടെണ്ടർ ഒഴിവാക്കി സാധനങ്ങൾ വാങ്ങുമ്പോൾ ടി സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പ്രത്യകം ശ്രദ്ധിക്കേണ്ടതാണ്.

## 3-13 സാന്ത്വന പരിചരണ പദ്ധതി : മരുന്നുകൾ മുഴുവൻ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ സാന്ത്വന പരിചരണ പദ്ധതി(നം.0017/16)യിൽ മരുന്ന് വാങ്ങുന്നതിനായി ബിൽ നം.03/15-16 പ്രകാരം 120000/-രൂപ പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ 23.01.2016-ലെ 3909 നം. ഇൻവോയ്സ് പ്രകാരം 63434/-രൂപയുടെയും 09.03.2016-ലെ 4933 നം. ഇൻവോയ്സ് പ്രകാരം 15534/- രൂപയുടെയും 30.07.2016-ലെ 2263 നം.ഇൻവോയ്സ് പ്രകാരം 14207/- രൂപയുടെയും ചേർത്ത് 93175/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/19.12.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇനിയും ലഭിക്കുവാനുള്ള 26825/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 അസാധാരണ ചെലവുകൾ. ചട്ടങ്ങൾ പാലിക്കപ്പെടുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അസാധാരണ ചെലവുചട്ടങ്ങൾ ചട്ടം 2,4,5ചട്ടങ്ങൾ പ്രകാരം അസാധാരണചെലവുകൾ പഞ്ചായത്തിന്റെ മൊത്തം അംഗസംഖ്യയുടെ പകുതിയിൽ കുറയാത്ത അംഗങ്ങൾ പിൻതാങ്ങിയിട്ടുള്ള ഒരു പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നടത്തണമെന്നും, മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20%, 100000രൂപ എന്ന പരിധിയിൽ കവിയാതെ ചെലവ് ചെയ്യാവുന്നതാണ് എന്നും ഇത് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 8പ്രകാരം ഈ ചെലവു സംബന്ധിച്ച വാർഷിക കണക്ക് ഗ്രാമസഭയിൽ അവതരിപ്പിക്കുകയും

ചെയ്യേണ്ടതുണ്ട്.

എന്നാൽ വള്ളികുന്നം ഗ്രാമപഞ്ചായത്തിൽ ഈയിനം ചെലവുകൾ ചട്ടവിരുദ്ധമായാണ് നടത്തുന്നത്. ഇതിനായി ഒരു രജിസ്റ്റർ എഴുതിസൂക്ഷിക്കുകയോ, ചെലവുപരിധി നിരീക്ഷിക്കുകയോ ചെയ്യുന്നില്ല. പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ അല്ല ചെലവുനടത്തിയിട്ടുള്ളത്. ഗ്രാമസഭയിൽ കണക്കുകൾ അവതരിപ്പിക്കപ്പെടുന്നില്ല. ചട്ടങ്ങൾ പാലിച്ച് ചെലവു നടത്തുന്നതിന് ഭരണസമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. ചട്ട വിരുദ്ധചെലവുകൾ അംഗീകരിക്കുന്നത് കമ്മറ്റി അംഗങ്ങൾക്ക് കൂടി ബാധ്യത വരുത്തുന്നതാണ്. ചട്ടലംഘനത്തിന് സെക്ഷൻ 255പ്രകാരമുള്ള പിഴ അടക്കുവാൻ ബാധ്യതയുണ്ടാകുന്നതുമാണ്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ, ഷെഡ്യൂൾ ബി.11- ൽ കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല. ഉദാഹരണമായി സിമിന്റ് കോൺക്രീറ്റ് റോഡ് ആയി മുൻവർഷവും തൻവർഷവും ഒരേ തുകയാണ് (22489369/-) രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ചെലവ് രേഖകൾ പരിശോധിച്ചതിൽ തൻവർഷം ധാരാളം സിമന്റ് കോൺക്രീറ്റ് റോഡുകൾ നിർമ്മിച്ചതായി കാണുന്നു.
2. വസ്തുനികുതിയുടെ കുടിശ്ശിക ഡിമാന്റ്, ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി 15 പ്രകാരമുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപനത്തിൽ തയ്യാറാക്കിയ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡി.സി.ബി. കണക്കുകളും സാംഖ്യാധിഷ്ഠിത കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4-2.സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 125000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള ധനസഹായം | 124450 | 550 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 125000 | ,, | 124450 | 550 |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വള്ളികുന്നം ചിറ കുടിവെള്ള പദ്ധതി | 960/31.3.2015 | 51,00,000 | - | 51,00,0000 |
| ,, | ,, | 58594/23.9.15 | 3,34,959 | - | 3,34,959 |

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി | 747/2010 തീ.5.03.2010 | 15803000 | 6178000 | 1665000 | 955258 | 4513000(മുതൽ)<br>1700648(പലിശ) |

4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

4-7. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവ് വന്ന 23097/- രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | രശീത് നം./തീയതി |
|---|---|---|---|---|
| 1 | 2011-12 & 2012-13 | 2-4 | 2000/- | 11507102143/8.10.2015 |
| 2 | 2010-11 | 3-7 | 300/- | 11507102458/27.10.2015 |
| 3 | 2010-11 | 3-8 | 1810/- | 11507102459/27.10.2015 |
| 4 | 2011-12 & 2012-13 | 2-4 | 2165/- | 11507103044/04.01.2016 |
| 5 | 2010-11 | 2-1 | 16822/- | 11507103142/12.01.2016 |
| | ആകെ | | 23097/- | |

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 40155648/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54366446/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2062290/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7(എ) | 2058290 | ശ്രീമതി.സരിതാ.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | 4000 | എസ്.ഖാൻ മഹാദുർ മുഹമ്മദ് സാഹിബ്, സെക്രട്ടറി |
| ആകെ | 2062290 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഖണ്ഡിക. 3-3 – 250660/-
(മൂല്യവർദ്ധിത നികുതി കേരള സംസ്ഥാന സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്)
(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
--ഇല്ല--
(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഖാൻ മഹാദുർ മുഹമ്മദ് സാഹിബ്, സെക്രട്ടറി | സെക്രട്ടറി, വള്ളികുന്നം ഗ്രാമപഞ്ചായത്ത് | സുമയ്യ മൻസിൽ, പേടരപ്പാവ്, താമരക്കുളം. |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-1999<br>(ചെലവ്) | എൽ.എഫ്. ജി. എ5-1832/11 തീയതി 3.2.12<br>(ഓഡിറ്റ് അദാലത്ത്) |

| | |
|---|---|
| 2003-04 | എൽ.എഫ്. ജി എ5-1832/11 തീയതി 2.2.12<br>(ഓഡിറ്റ് അദാലത്ത്) |
| 2006-07 | എൽ.എഫ്. ജി. എ5-1577/14 തീയതി 21.5.14<br>(ഓഡിറ്റ് അദാലത്ത്) |
| 2007-08 | എൽ.എഫ്. ജി. എ5-1577/14 തീയതി 21.5.14<br>(ഓഡിറ്റ് അദാലത്ത്) |
| 2008-09 | എൽ.എഫ്. ജി. എ5-1577/14 തീയതി 21.5.14<br>(ഓഡിറ്റ് അദാലത്ത്) |
| 2009-10 | എൽ.എഫ്. ജി. എ5-1577/14 തീയതി 21.5.14<br>(ഓഡിറ്റ് അദാലത്ത്) |
| 2010-11 | എൽ.എഫ്. എ. പി .6 തീയതി 26.12.12/11.1.13<br>(ഓഡിറ്റ് അദാലത്ത്) |
| 2011-12,2012-13 | എൽ.എഫ്. എ. പി.6-939/14/19.8.14 |
| 2013-14 | കെ.എസ്. എ -എപി ഇസഡ്-പി.6-1095/2015 തീ.11.8.15 |
| 2014-15 | നം.കെ.എസ്.എ-എ.എൽ.പി/പി.6-659/16തീയതി: 04.07.2016 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ

നം. കെ.എസ്.എ-എ.എൽ.പി/പി6/1535/16.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി: 03.01.2017.

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ.

No. KSA-ALP/P6/1535/16

Kerala State Audit Department,
District Audit Office, Alappuzha.
Date: 03-01-2017.

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Vallikunnam Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Vallikunnam Gramapanchayat for the year 2015-16 except the observations in my audit report Para 4-1 properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
Alappuzha.